## പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 181 05-03-2012- ലെ മറുപടിയ്ക്ക്

### വിവിധ തസ്തികകളിലെ യോഗ്യതാമാറ്റവും അശ്രിതനിയമനവും

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) യഥാസമയം അശ്രിതനിയമനത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടും നടപടി എടുക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ ഭാഗമായി വിദ്യാഭ്യാസയോഗ്യത ഇല്ലാ എന്ന കാരണത്താൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ എത്ര പേർക്കാണ് എന്ന് വ്യക്തമാക്കാമോ;<br><br>(സി) ഇത്തരം ഉദ്യോഗാർത്ഥികൾക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ആവശ്യമായ വിദ്യാഭ്യാസയോഗ്യത കൈവരിക്കുന്നതിന് നിശ്ചിത സമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | എ, ബി,സി,& ഡി<br><br>വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമന യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 1-7-2011 ലെ സ.ഉ. (എം.എസ്) 21/2011/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 1.7.2011 ന് മുൻപ് തന്നെ നിയമപ്രകാരമുള്ള എല്ലാ രേഖകളും സഹിതം സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ കേസുകളിലും അവർക്ക് നിയമന ഉത്തരവ് നൽകുന്നതിനായി 1-7-2011 ലെ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമാക്കേണ്ടതില്ലാ എന്ന് നിഷ്കർഷിച്ചുകൊണ്ട് 6-2-2012 ലെ സ.ഉ (പി) 7/2012/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിലൂടെ യഥാസമയം ആശ്രിതനിയമനത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടും നടപടി എടുക്കുന്നതിനായി കാലതാമസം നേരിട്ടതിന്റെ ഭാഗമായി വിദ്യാഭ്യാസയോഗ്യത ഇല്ലാ എന്ന കാരണത്താൽ ക്ലാർക്ക് തസ്തികയിലേക്ക് ആർക്കും നിയമനം ലഭിക്കാതെ പോകുന്നില്ല. |

സെക്ഷൻ ഓഫീസർ